# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 93 — 07.06.2018-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കാരാട്ട് റസാഖ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പുതിയകാലം പുതിയ സേവനം എന്ന ആപ്തവാക്യത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിനെ അഴിമതി രഹിതമാക്കുന്നതിനും ഓഫീസുകൾ ആധുനീകരിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ) വകുപ്പിനെ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി വിവിധ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുകയുണ്ടായി പൊതുജനങ്ങൾക്ക് ഓൺലൈനായി ബാദ്ധ്യത/ ബാദ്ധ്യതരഹിത സർട്ടിഫിക്കറ്റ്, സർട്ടിഫൈഡ് കോപ്പിക്കുള്ള അപേക്ഷ, സ്പെഷ്യൽ മാര്യേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, ലിസ്റ്റ് സർട്ടിഫിക്കറ്റ്, സൊസൈറ്റി രജിസ്ട്രേഷൻ, പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ തുടങ്ങിയവകൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും, ഇ-പേയ്മെന്റ്, ഇ-സ്റ്റാമ്പിംഗ് മുഖേന ഫീസും, മുദ്രയും ഒടുക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഓഫീസിൽ വരാതെ തന്നെ അപേക്ഷകർക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. സബ് രജിസ്ട്രാർ ഓഫീസുകളിലെ റിക്കാർഡ് മുറികളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി എട്ട് ഓഫീസുകളിൽ കോംപാക്ടേഴ്സ് സ്ഥാപിച്ചു. എ 3 |

| | |
|---|---|
| | സൈസിലുള്ള 500 പേജുകൾ ഉൾക്കൊള്ളുന്ന പതിനാലായിരത്തോളം രജിസ്റ്റർ വാല്യങ്ങൾ ബയന്റ് ചെയ്യുകയുണ്ടായി. 56 ഓഫീസുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയുണ്ടായി. വകുപ്പിൽ നിന്നുള്ള സേവനം കൂടുതൽ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രപ്പത്രം ആവശ്യമുള്ള ആധാരങ്ങളുടെ രജിസ്ട്രേഷന് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തി. |
| ബി) നോട്ടുനിരോധനത്തെ തുടർന്ന് ഫീസുകൾ ഇ-പെയ്മെന്റായി സ്വീകരിക്കുന്നതിനും വ്യാജ മുദ്രപ്പത്രങ്ങളുടെ ഉപയോഗം തടയാനായി ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുന്നതിനും സാദ്ധ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | ബി) നോട്ടുനിരോധനം വന്ന 2016 നവംബറിനു മുമ്പ് തന്നെ ബാദ്ധ്യത സർട്ടിഫിക്കറ്റുകൾക്ക് ഇ-പേയ്മെന്റ് സൗകര്യം ഉണ്ടായിരുന്നു. ആധാര രജിസ്ട്രേഷന് 2017 ഫെബ്രുവരി മാസം മുതൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>2017 മെയ് മാസം മുതൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ആവശ്യമായി വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| സി) സബ് രജിസ്ട്രാർ ഓഫീസുകളിൽ മൂന്നിലൊന്നും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയും സ്വന്തം കെട്ടിടമുള്ളവ തന്നെ വളരെയധികം പഴക്കമുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുമായതിനാൽ ഭൂരേഖകളുടെ സുരക്ഷ കണക്കിലെടുത്ത് പുതിയ കെട്ടിടങ്ങൾ പണിയുന്നതിനും രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും | സി) വകുപ്പിന്റെ അധീനതയിലുള്ള കാലപ്പഴക്കം ചെന്ന 51 ഓഫീസുകളെ 2016-17 പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം, കിഫ്ബിയുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ തുടർന്നു വരുകയും ചെയ്യുന്നു. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന |

| | | |
|---|---|---|
| പദ്ധതിയുണ്ടോ; അറിയിക്കുമോ? | വിശദാംശം | ഓഫീസുകളിൽ, സ്ഥലം ലഭ്യമായിട്ടുള്ളവയ്ക്ക് സ്വന്തം കെട്ടിടവും, ശോച്യാവസ്ഥയിൽ പ്രവർത്തിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഇതിലൂടെ സാദ്ധ്യമാകും.<br>ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സി-ഡിറ്റിന്റെ വിശദമായ പദ്ധതിരൂപരേഖയുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**